**BSUP**-യിൽ 238.84 ലക്ഷം രൂപ നഗരസഭാവിഹിതമായും 11.08 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതമായും നഗര സഭകളിൽ നിന്ന് കുടുംബശ്രീയിൽ ലഭിച്ചിട്ടുണ്ട്. കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ ഉൾപ്പെടെ ആകെ 1401.72 ലക്ഷം രൂപ നഗരസഭകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

**IHSDP**-യിൽ പുതുതായി അംഗീകാരം ലഭിച്ച പതിനാറ് നഗര സഭകളിലെ ചെയർ പേഴ്സൺമാർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, സി.ഡി.എസ് ചെയർപേഴ്സൺമാർ, മെമ്പർ, സെക്രട്ടറിമാർ എന്നിവർക്ക് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള ഒരു ശിൽപ്പശാല 2010 ജൂൺ മാസം നടത്തുകയുണ്ടായി.

**SJSRY** 2009-ലെ പരിഷ്കരിച്ച കേന്ദ്രമാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള സംസ്ഥാനതല മാർഗ്ഗ നിർദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. 5 കോർപ്പറേഷനുകളിൽ ലഭ്യമായ വിവിധ തൊഴിൽ സംരംഭ അവസരങ്ങളെ കുറിച്ചുള്ള സാധ്യതാപഠനം നടപ്പാക്കിവരുന്നു. കാഞ്ഞങ്ങാട് നഗരസഭയിൽ സ്പെഷ്യൽ ലൈവിലി ഹുഡ് പദ്ധതി രൂപീകരണം പൂർത്തിയായി.സി.ഡി.എസ്. ആക്ഷൻ പ്ലാൻ 2010-11-ലേക്ക് എല്ലാ നഗരസഭാ സി.ഡി.എസ്.കളിലും പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ വിവിധ ഘടകങ്ങൾക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. സ്റ്റെപ്പ് അപ്പ് ഘടകത്തിന്റെ ഭാഗമായി സംസ്ഥാനതലത്തിലും മറ്റു തലങ്ങളിലും പരിശീലന സാധ്യതകൾ കണ്ടെത്തുന്നതിനും അനുയോജ്യരായ പരിശീലന ഏജൻസികളെ കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

**IHSDP, BSUP, SJSRY** പദ്ധതികൾ പ്രകാരം 2006-07 മുതൽ 2009-10 വരെയുള്ള സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

## ബ്ലോക്കുപഞ്ചായത്തുകളുടെ പ്രവർത്തനത്തിന് കൂടുതൽ പദ്ധതി വിഹിതം

**99 (6017)** ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രവർത്തനം വിപുലമാക്കുന്നതിന് കൂടുതൽ പദ്ധതി വിഹിതം നൽകുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുമോ ;

(ബി) ബ്ലോക്ക് പഞ്ചായത്തുകൾക്ക് ലഭിക്കുന്ന പദ്ധതി വിഹിതം കുറവാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിഹിതം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള ഫണ്ട് കൈമാറ്റം സംബന്ധിച്ച കാര്യങ്ങൾ ഇപ്പോൾ നാലാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ പരിഗണനയിലാണ്. കമ്മീഷന്റെ ശുപാർശകൾ ലഭിച്ചശേഷം മാത്രമേ സർക്കാരിന് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം എടുക്കുവാൻ സാധിക്കൂ.

**നഗരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നടപടി**

**100 (6018)** ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. സാജു പോൾ :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുസ്ഥിര നഗരവികസന പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) റോഡുകളുടെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നത് ;

(സി) കേരള ലോക്കൽ ഗവൺമെന്റ് ഡവലപ്മെന്റ് ഫണ്ടിൽനിന്നും ഇതിനകം എത്ര കോടി രൂപ വായ്പ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) നഗരങ്ങളിലെ ശുദ്ധജല വിതരണം, ഖരമാലിന്യ നിർമ്മാർജ്ജനം, സിവറേജ്, റോഡുകളുടെ വികസനം തുടങ്ങിയവയാണ് സുസ്ഥിര നഗര വികസന പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്.സുരക്ഷിതമായ കുടിവെള്ള സംഭരണവും വിതരണവും, ഖര-ജല മാലിന്യങ്ങളുടെ ശാസ്ത്രീയമായ നിർമ്മാർജ്ജനം, നഗര ദാരിദ്ര്യ ലഘൂകരണം, ഗതാഗത യോഗ്യമല്ലാത്ത തെരഞ്ഞടുക്കപ്പെട്ട റോഡുകളുടെ പുനരുദ്ധാരണം, ഇടുങ്ങിയ ജംഗ്ഷനുകളുടെ വീതികൂട്ടലും നവീകരണവും തുടങ്ങി നഗര പ്രദേശങ്ങളുടെ സമ്പൂർണ്ണവും സുസ്ഥിരവുമായ വളർച്ചക്ക് ഉതകുന്ന വിധമാണ് പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്.

തദ്ദേശ ഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും സേവനങ്ങളുടെ ശേഷി വർദ്ധിപ്പിക്കാനും സാമൂഹ്യ പങ്കാളിത്തത്തോടുള്ള സമീപനവും പദ്ധതി ലക്ഷ്യമിടുന്നുണ്ട്.

(ബി) തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട് നഗര സഭകളിലായി 184.22 കോടി രൂപയുടെ താഴെപ്പറയുന്ന റോഡ് നവീകരണ പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1) തിരുവനന്തപുരം

പൂജപ്പുര-തിരുമല-വലിയവിള-പേയാട് റോഡ്, അട്ടക്കുളങ്ങര മുതൽ എൻ.എച്ച് ബൈപ്പാസ് റോഡ്.

LIBRARY ARCHIVES Kerala Legislative Assembly